

ധ്യാനം നിഷേധാത്മക സമീപനമാണ്. അതിനാൽ അത് ചിന്തയുടെ അത്യുന്നത രൂപമാണ്— അത് ചിന്തിക്കാതിരിക്കലാണ്.


# ജീവിതയാത്ര

ജെ. കൃഷ്ണമൂർത്തിയുടെ തത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണം

Jeevitha Yatra

May - August 2007   Vol. 2   Issue 3

Rs.2/-

Krishnamurti Foundation India


# എല്ലാ ജീവജാലങ്ങളോടുമുള്ള സഹാനുഭൂതി

നദിയുടെ കരയിൽ ഒരു മരമുണ്ട്. കഴിഞ്ഞ അനേകം ആഴ്ചകളായി സൂര്യൻ ഉദിക്കാറാകുമ്പോൾ എന്നും നാം അതിനെ നിരീക്ഷിച്ചുവരുന്നു. സൂര്യൻ സാവധാനം ചക്രവാളത്തിന്റേയും വൃക്ഷങ്ങളുടേയും മീതെ ഉയർന്നു വരുമ്പോൾ ഈ വൃക്ഷം പെട്ടെന്നു സ്വർണ്ണാഭമായിത്തീരുന്നു. അതിന്റെ എല്ലാ ഇലകളും ജീവചൈതന്യത്താൽ ശോഭിക്കുന്നു. നമ്മൾ അതിനെ നിരീക്ഷിച്ചുകൊണ്ടിരിക്കെ, മണിക്കൂറുകൾ നീങ്ങിപ്പോകെ—ആ വൃക്ഷത്തിന്റെ പേരെന്തെന്നത് കാര്യമല്ല; ഭംഗിയുള്ള വൃക്ഷമാണെന്നതാണ് പ്രധാനം— ഭൂഭാഗങ്ങളിലും നദിയിലും അസാധാരണമായ ഒരു സൗഭാഗ്യവിശേഷം വ്യാപിക്കുന്നതായിതോന്നുന്നു. സൂര്യൻ കുറച്ചുകൂടി ഉയരുന്നതോടെ ഇലകൾ മർമ്മര ശബ്ദം പുറപ്പെടുവിക്കാനും നൃത്തം വെയ്ക്കാനും ആരംഭിക്കും. ഓരോ മണിക്കൂറും ആ വൃക്ഷത്തിന് വ്യത്യസ്തമായ ഗുണവിശേഷങ്ങൾ നല്കുന്നതായി തോന്നുന്നു. സൂര്യൻ ഉദിക്കുന്നതിന്മുമ്പ്, ശാന്തമായ, അകൽച്ച പാലിക്കുന്ന മാന്യത നിറഞ്ഞ ഒരു മൗന ഭാവമാണ് അതിനുള്ളത്. ദിവസം പുലരുന്നതോടെ പ്രകാശം തട്ടുന്ന അതിന്റെ ഇലകൾ നൃത്തം വയ്ക്കാൻ തുടങ്ങുന്നു. മികച്ച സൗന്ദര്യത്തിന്റേതായ ഒരു സവിശേഷഭാവം അതിനു കൈവരുന്നു. മദ്ധ്യാഹ്നത്തോടെ അതിന്റെ നിഴലിന് കട്ടി കൂടും. അതിന്റെ ചുവട്ടിൽ വെയിലിൽനിന്ന് നിങ്ങൾക്കു രക്ഷ നേടാം. ആ മരം കൂട്ടിനുള്ളപ്പോൾ നിങ്ങൾക്ക് ഒരിക്കലും ഏകാന്തത അനുഭവപ്പെടില്ല. നിങ്ങൾ അവിടെയിരിക്കെ, വൃക്ഷങ്ങൾക്കുമാത്രം മനസ്സിലാകുന്ന, അഗാധവും സുസ്ഥിരവുമായ സുരക്ഷിതത്വത്തിന്റേതും സ്വാതന്ത്ര്യത്തിന്റേതുമായ ഒരു ബന്ധം ഉളവാകും.

വൈകുന്നേരമാകുന്നതോടെ, പടിഞ്ഞാറൻ ആകാശം അസ്തമയസൂര്യന്റെ കിരണങ്ങളാൽ ശോഭിക്കുമ്പോൾ, ആ വൃക്ഷം സാവധാനത്തിൽ ഇരുണ്ട് തന്നിൽത്തന്നെ ലയിച്ചു മൗനഭാവം കൈക്കൊള്ളും. ആകാശം ചുവപ്പും മഞ്ഞയും പച്ചയും നിറങ്ങൾ അണിയും. പക്ഷേ ആ മരം ശാന്തമായി മറഞ്ഞുനിന്നു രാത്രിയിൽ വിശ്രമം നേടും.

നിങ്ങൾക്കു അതുമായി ഒരു ബന്ധം സ്ഥാപിക്കുവാൻ കഴിഞ്ഞാൽ മനുഷ്യസമൂഹവുമായി നിങ്ങൾക്കു ബന്ധമുണ്ടാകും. അപ്പോൾ ആ വൃക്ഷത്തോടും ലോകത്തിലെ മറ്റു വൃക്ഷങ്ങളോടും നിങ്ങൾക്കു ഉത്തരവാദിത്വമുള്ളതായി തോന്നും. ഭൂമിയിൽ വളരുന്ന ജീവചൈതന്യമുള്ള വസ്തുക്കളോട് നിങ്ങൾക്കു ബന്ധമൊന്നുമില്ലെങ്കിൽ, മനുഷ്യത്വ

☞ 2

# നിങ്ങൾ വിവാഹമെന്ന വ്യവസ്ഥയ്ക്കു എതിരാണോ?

*ചോദ്യം :* വ്യവസ്ഥാപിതമായ ഏതു സമൂഹത്തിലേയും അവശ്യഘടകമാണ് വിവാഹം. പക്ഷേ നിങ്ങൾ വിവാഹമെന്ന വ്യവസ്ഥയ്ക്കു എതിരാണന്ന് തോന്നുന്നു. എന്താണ് നിങ്ങളുടെ അഭിപ്രായം? ലൈംഗികതയുടെ പ്രശ്നം കൂടി ദയവായി വിശദീകരിക്കാമോ? എന്തുകൊണ്ടാണ് അതു നമ്മുടെ കാലഘട്ടത്തിൽ, യുദ്ധത്തിന്റെ കാര്യം ഒഴിച്ചാൽ ഏറ്റവും അടിയന്തിര സ്വഭാവമുള്ളതായിത്തീർന്നിട്ടുള്ളത്?

*കൃഷ്ണമൂർത്തി:* ചോദ്യം ചോദിക്കുന്നത് എളുപ്പമാണ്. പക്ഷേ പ്രശ്നത്തെ വളരെ സൂക്ഷ്മമായി നിരീക്ഷിക്കുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. ഉത്തരം പ്രശ്നത്തിൽത്തന്നെയാണുള്ളത്. ഈ പ്രശ്നം മനസ്സിലാക്കണമെങ്കിൽ അതിന്റെ വിപുലമായ വിവക്ഷ മുഴുവൻ നാം പരിശോധിക്കേണ്ടതുണ്ട്. അതു പ്രയാസമേറിയ കാര്യമാണ്. നമ്മുടെസമയം പരിമിതമായതുകൊണ്ടു ചുരുക്കിപ്പറയേണ്ടിയിരിക്കുന്നു. അതിനാൽ നല്ലപോലെ ശ്രദ്ധിച്ചില്ലെങ്കിൽ നിങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നുവരും. നമുക്കു പ്രശ്നം പരിശോധിക്കാം; ഉത്തരം പരിശോധിക്കേണ്ടതില്ല. കാരണം ഉത്തരം പ്രശ്നത്തിൽ നിന്നു അകലെയല്ല, അതിൽത്തന്നെയാണുള്ളത്. പ്രശ്നം എത്ര നന്നായി മനസ്സിലാക്കുന്നുവോ, അത്രയും വ്യക്തമായി എനിക്ക് ഉത്തരം കണ്ടെത്താൻ കഴിയും. നിങ്ങൾ ഉത്തരം മാത്രമാണ് തേടുന്നതെങ്കിൽ നിങ്ങൾക്കു അതു കണ്ടെത്താൻ കഴിയില്ല. കാരണം, നിങ്ങൾ പ്രശ്നത്തിൽ നിന്ന് അകന്നുമാറിയാണ് ഉത്തരം തേടുന്നത്. നമുക്ക് വിവാഹത്തിന്റെ കാര്യം പരിശോധിക്കാം...— താത്ത്വികമോ ആദർശപരമോ ആയിട്ടല്ല. ആദർശമെന്ന നിലയിൽ അതു ഏറെക്കുറെ അസംബന്ധമാണ്. നമുക്ക് വിവാഹത്തെ ആദർശവത്ക്കരിക്കാതിരിക്കാം. അപ്പോൾ നമുക്ക് അക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയും. അതിനെ ആകർഷകമാക്കിയാൽ നിങ്ങൾക്കു ഒന്നും ചെയ്യാൻ കഴിയില്ല. നിങ്ങൾ അതിനെ ഉള്ളപടി നിരീക്ഷിക്കുകയാണെങ്കിൽ ഒരു പക്ഷേ നിങ്ങൾക്കു എന്തെങ്കിലും ചെയ്യാൻ സാധിച്ചേക്കും.

☞ 2

ത്തോടും മനുഷ്യരോടും നിങ്ങൾക്കുള്ള ബന്ധവും നഷ്ടപ്പെടും. മരത്തിന്റെ ഗുണവിശേഷങ്ങളെക്കുറിച്ചു നാം സൂക്ഷ്മമായി ശ്രദ്ധിക്കാറില്ല; അതിന്റെ തടിയോ പരുപരുത്ത തൊലിയോ നാം ഒരിക്കലും തൊട്ടറിയാറില്ല; അതിന്റെ ശബ്ദം നാം കേൾക്കുന്നില്ല. ഇലകളിലൂടെ വീശുന്ന കാറ്റിന്റെയോ ഇലകളെ ചലിപ്പിക്കുന്ന പ്രഭാത വായുവിന്റേയോ ശബ്ദമല്ല; വൃക്ഷത്തിന്റെ തനതായ ശബ്ദം, അതിന്റെ തടിയുടെ ശബ്ദം, വേരുകളുടെ മൂകമായ ശബ്ദം. ആ ശബ്ദം കേൾക്കുവാൻ നിങ്ങൾക്ക് അസാധാരണമായ സംവേദനക്ഷമത വേണം. അതു ഭൗതീകലോകത്തിന്റെ ശബ്ദമല്ല, മനസ്സിന്റെ കലപിലശബ്ദമല്ല, മനുഷ്യരുടെ വഴക്കുകളുടെയോ യുദ്ധങ്ങളുടെയോ ആഭാസമായ ശബ്ദമല്ല. പ്രപഞ്ചത്തിന്റെ ഭാഗമായ ശബ്ദമാണത്.

പ്രകൃതിയുമായി, പലതരത്തിലുള്ള ജീവികളുമായി, ചാടുന്ന തവളകൾ, കുന്നുകളിൽ ഇണയെത്തേടി വിളികൂട്ടുന്ന മൂങ്ങകൾ തുടങ്ങിയവയുമായി, നമുക്ക് പ്രായേണ ബന്ധമൊന്നുമില്ലെന്നതു വിചിത്രമാണ്. ഭൂമിയിലെ ജീവജാലങ്ങളോടൊന്നും നമുക്ക് അനുഭാവമുള്ളതായി തോന്നുന്നില്ല. പ്രകൃതിയുമായി ഗാഢവും സ്ഥിരവുമായ ഒരു ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞാൽ നമ്മൾ ഒരിക്കലും ഭക്ഷണത്തിനു വേണ്ടി മൃഗത്തെ കൊല്ലില്ല. കുരങ്ങിനെയോ നായയെയോ പന്നിയേയോ നമ്മുടെ ഗുണത്തിനു വേണ്ടി, ഉപദ്രവിക്കുകയോ കീറിമുറിക്കുകയോ ചെയ്യില്ല. നമ്മുടെ മുറിവുകൾ ഉണക്കാനും ശരീരം സുഖപ്പെടുത്താനും നാം വേറെ മാർഗ്ഗങ്ങൾ തേടും. പക്ഷേ മനസ്സിനെ സുഖപ്പെടുത്തുക എന്നതു തികച്ചും വ്യത്യസ്തമായകാര്യമാണ്. നിങ്ങൾ പ്രകൃതിയോട്, മരങ്ങളിലെ തവിടു നിറത്തോടും സിമിന്റിലെ വിള്ളലുകൾക്കിടയ്ക്കു തല നീട്ടുന്ന പുൽനാമ്പുകളോടും മേഘങ്ങളാൽ മൂടപ്പെട്ട കുന്നുകളോടും മറ്റും ഇണങ്ങിച്ചേരുമ്പോൾ ആ ആശ്വാസം സാവധാനത്തിൽ കൈവരുന്നു.

ഇതൊരു വൈകാരികഭാവമോ കാല്പനിക ഭാവനയോ അല്ല; മറിച്ച് ഈ ഭൂമിയിൽ ജീവിക്കുകയും ചരിക്കുകയും ചെയ്യുന്ന എല്ലാറ്റിനോടുമുള്ള ബന്ധത്തെക്കുറിക്കുന്ന യാഥാർത്ഥ്യമാണ്. മനുഷ്യൻ ലക്ഷക്കണക്കിന് തിമിംഗലങ്ങളെ കൊന്നിട്ടുണ്ട്; ഇപ്പോഴും അവയെ കൊല്ലുന്നുമുണ്ട്. അവയെ കൊല്ലുന്നതുവഴി ലഭിക്കുന്നതെല്ലാം നമുക്ക് മറ്റു മാർഗ്ഗങ്ങളിലൂടെ നേടാവുന്നതാണ്. പക്ഷേ മനുഷ്യന് കൊല്ലുന്നത് ഇഷ്ടമാണന്നുതോന്നുന്നു. ഓടുന്ന മാനുകളേയും ഭംഗിയുള്ള കൃഷ്ണമൃഗത്തേയും വലിയ ആനകളേയും അവൻ കൊല്ലുന്നു. പരസ്പരം കൊല്ലുന്നത് നാം ഇഷ്ടപ്പെടുന്നു. മനുഷ്യരുടെ അന്യോന്യമുള്ള കൊല, ഈ ഭൂമുഖത്തെ മനുഷ്യന്റെ ചരിത്രത്തിൽ ഒരിക്കലും ഇല്ലാതായിട്ടില്ല. നമുക്ക് പ്രകൃതിയുമായി, വൃക്ഷങ്ങൾ, കുറ്റിക്കാടുകൾ, പൂക്കൾ, പുല്ലുകൾ പാറിപ്പോകു ന്ന മേഖങ്ങൾ എന്നിവയെല്ലാമായി അഗാധവും ദീർഘവും സ്ഥിരവുമായ ഒരു ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞാൽ — അതു നാം ചെയ്യുക തന്നെ വേണം — എന്തു കാര്യത്തിനുവേണ്ടിയാണെങ്കിലും നാം അന്യ മനുഷ്യനെ കൊല്ലാൻ മുതിരുകയില്ല. സംഘടിതമായ കൊല്ലലാണ് യുദ്ധം. ആണവയുദ്ധം പോലുള്ള ചില യുദ്ധങ്ങൾക്കെതിരെ നാം പ്രതിഷേധിക്കാറുണ്ടെങ്കിലും മൊത്തത്തിൽ യുദ്ധത്തിനെതിരെ നാം ഒരിക്കലും പ്രതിഷേധിച്ചിട്ടില്ല. മനുഷ്യനെ കൊല്ലുന്നതാണ് ഭൂമിയിലെ ഏറ്റവും വലിയ പാപമെന്ന് നാം ഒരിക്കലും പറഞ്ഞിട്ടില്ല. ■

*'കൃഷ്ണമൂർത്തി തന്നോടുതന്നെ'*
എന്ന പുസ്തകത്തിൽനിന്ന്

*...ഒന്നാം പേജിൽ നിന്ന്*

# നിങ്ങൾ വിവാഹമെന്ന വ്യവസ്ഥയ്ക്കു എതിരാണോ?

എന്താണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത്? ചെറുപ്പകാലത്തു ലൈംഗികമായ ശാരീരികപ്രേരണ ശക്തമായിരിക്കും. അതിനെ ഒരു പരിധിക്കുള്ളിൽ ഒതുക്കി നിർത്തുവാൻ വേണ്ടി നിങ്ങൾ വിവാഹമെന്ന വ്യവസ്ഥ ഏർപ്പെടുത്തുന്നു. ശാരീരികമായ പ്രേരണ രണ്ടു ഭാഗത്തും ഉണ്ടാകും. അതിനാൽ നിങ്ങൾ വിവാഹം കഴിക്കുന്നു. തുടർന്നു കുട്ടികളുണ്ടാകുന്നു. ബാക്കി ജീവിതകാലം മുഴുവൻ നിങ്ങൾ ഒരു പുരുഷനോടോ സ്ത്രീയോടോ ബന്ധപ്പെട്ടു കഴിച്ചുകൂട്ടുന്നു. അതോടെ നിങ്ങൾക്കു സന്തോഷത്തിന്റെ സ്ഥിരമായ ഒരു ഉറവിടവും സുരക്ഷാബോധവും കൈവരുന്നു. അതിന്റെ ഹലമായി നിങ്ങൾ ജീർണ്ണിക്കാൻ തുടങ്ങുന്നു. നിങ്ങൾ ശീലങ്ങൾ ആവർത്തിച്ചുകൊണ്ടു ജീവിക്കുന്നു. ശീലം ജീർണ്ണതയാണ്. ലൈംഗികമായ ഈ ശാരീരികാവേശം മനസ്സിലാക്കാൻ വളരെയേറെ വിവേകം ആവശ്യമാണ്. പക്ഷേ, വിവേകം നേടാൻ നമ്മളെ പഠിപ്പിക്കുന്നില്ല. ഒരുമിച്ചു ജീവിക്കേണ്ട ഒരു പുരുഷനോടോ, സ്ത്രീയോടോ ഒപ്പം നാം കഴിഞ്ഞുകൂടുന്നു. ഇരുപതോ ഇരുപത്തഞ്ചോ വയസ്സാകുമ്പോൾ ഞാൻ വിവാഹം കഴിക്കുന്നു. ബാക്കി ജീവിതകാലം മുഴുവൻ അതുവരെ എനിക്കു പരിചയമില്ലാത്ത ഒരു സ്ത്രീയോടൊപ്പം എനിക്കു ജീവിക്കേണ്ടിവരുന്നു. എനിക്ക് അവരെപ്പറ്റി ഒന്നും അറിയില്ലായിരുന്നു. എന്നിട്ടും ആ സ്ത്രീയോടൊപ്പം ബാക്കി ജീവിതകാലം കഴിച്ചുകൂട്ടാൻ നിങ്ങൾ എന്നോട് ആവശ്യപ്പെടുന്നു. ഇതിനെ നിങ്ങൾ വിവാഹം എന്നു വിളിക്കുമോ? ഞാൻ കൂടുതൽ വളരുകയും അറിയുകയും ചെയ്യുന്നതോടെ സ്ത്രീ എന്നിൽ നിന്നും വളരെ വ്യത്യസ്തയാണെന്നു മനസ്സിലാക്കുന്നു. അവർക്കു ക്ലബുകളിൽ പോകുന്നതായിരിക്കും ഇഷ്ടം; വളരെ ഗൗരവമുള്ള കാര്യങ്ങളിലായിരിക്കും എനിക്ക് താല്പര്യം. ഇതു മറിച്ചും ആകാം. എന്നിട്ടും ഞങ്ങൾക്ക് കുട്ടികൾ ഉണ്ടാകുന്നു. അതാണ് അത്യധികം വിചിത്രമായ കാര്യം. മാന്യരേ, സ്ത്രീകളെ നോക്കി ചിരിക്കാതിരിക്കു; അതു നിങ്ങളുടെ കാര്യമാണ്. ഞാൻ ഒരു ബന്ധം സ്ഥാപിച്ചു; പക്ഷേ അതിന്റെ പ്രാധാന്യം എനിക്ക് അറിഞ്ഞുകൂടാ, ഞാൻ അതു മനസ്സിലാക്കുകയോ കണ്ടെത്തുകയോ ചെയ്തിട്ടുമില്ല.

സ്നേഹിക്കുന്ന വളരെ കുറച്ചു പേർക്കേ വിവാഹബന്ധം സാർത്ഥകമായി അനുഭവപ്പെടുന്നുള്ളു. അപ്പോൾ അതു തകരാത്ത ഒന്നായിരിക്കും. അപ്പോൾ അതു കടമ നിറവേറ്റലോ സൗകര്യം നോക്കലോ ആയിരിക്കില്ല. ശാരീരികമായ ലൈംഗീകതൃഷ്ണ ആധാരമാക്കിയുള്ളതും ആയിരിക്കില്ല. നിരുപാധികമായ ആ സ്നേഹത്തിൽ വ്യക്തിത്വങ്ങൾ അലിഞ്ഞുചേരുന്നു. അത്തരം ഒരു ബന്ധത്തിൽ പരിഹാരങ്ങൾക്കു, ആശയ്ക്കു വഴിയുണ്ട്. പക്ഷേ നമ്മിൽ ഭൂരിപക്ഷം പേർക്കും വിവാഹബന്ധം അങ്ങനെ അലിഞ്ഞുചേർന്നുള്ള ഒന്നല്ല. വ്യത്യസ്തവ്യക്തിത്വങ്ങളെ സമന്വയിക്കാൻ നിങ്ങൾ നിങ്ങളേയും അവൾ അവളേയും സ്വയം അറിയേണ്ടതുണ്ട്. അതിനർത്ഥം സ്നേഹിക്കുക എന്നാണ്. പക്ഷേ സ്നേഹം ഇല്ല എന്നത് പ്രകടമായ വസ്തുതയാണ്. സ്നേഹം എപ്പോഴും നൂതനമായിരിക്കും, പുതുമയുള്ളതായിരിക്കും. അത് വെറും തൃപ്തി നേടലല്ല; കടമ നിറവേറ്റലല്ല. നിരുപാധികമായ ഒന്നാണ് അത്. നിങ്ങൾ ഭർത്താവിനോടും അല്ലെങ്കിൽ ഭാര്യയോടും ആ രീതിയിൽ പെരുമാറുന്നില്ല. നിങ്ങൾ നിങ്ങളുടെ ലോകത്തിൽ കഴിയുന്നു. ഭാര്യ അവരുടെ ലോകത്തിലും. ലൈംഗീകസംതൃപ്തി ഉറപ്പാക്കാനുള്ള ജീവിതരീതി നിങ്ങൾ കൈക്കൊള്ളുന്നു. സ്ഥിരവരുമാനമുള്ള ഒരു മനുഷ്യന് എന്താണ് സംഭവിക്കുന്നത്. തീർച്ചയായും അയാളുടെ കഴിവുകൾ ക്ഷയിക്കും. നിങ്ങൾ അതു ശ്രദ്ധിച്ചിട്ടില്ലേ? സ്ഥിരവരുമാനമുള്ള ഒരാളെ ശ്രദ്ധിക്കു. എത്ര വേഗത്തിലാണ് അയാളുടെ മനസ്സു ഉണങ്ങിക്കരിഞ്ഞു പോകുന്നതെന്ന് നിങ്ങൾക്കു കാണാൻ കഴിയും. അയാൾക്കു വലിയ പദവികൾ ഉണ്ടായിരിക്കാം. തന്ത്രശാലിയെന്ന പ്രസിദ്ധിയും ഉണ്ടാകാം. പക്ഷേ ജീവിതാനന്ദം അയാളിൽ നിന്നു ചോർന്നു പോയിരിക്കും.

സന്തുഷ്ടി നേടാനുള്ള ഒരു സ്ഥിര മാർഗ്ഗം വിവാഹബന്ധത്തിലൂടെ നിങ്ങൾക്ക് ലഭിക്കുന്നു. അന്യോന്യധാരണയില്ലാത്ത, ആ ബന്ധം തുടരാൻ

## കൃഷ്ണമൂർത്തി ഫൗണ്ടേഷന്റെ വാർഷിക സമ്മേളനം (Gathering 2007)

കൃഷ്ണമൂർത്തി ഫൗണ്ടേഷന്റെ വാർഷിക സമ്മേളനം (Gathering 2007) നവംബർ 22–ാം തിയ്യതി മുതൽ 24–ാം തിയ്യതി വരെ ഋഷിവാലി സ്കൂളിൽ നടക്കുന്നു. കുന്നുകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഈ മനോഹരമായ താഴ്‌വര കൃഷ്ണമൂർത്തിയുടെ ജന്മസ്ഥലമായ മദനപ്പള്ളിയ്ക്കടുത്താണ്.

പ്രഭാഷണം, ചർച്ചകൾ, വീഡിയോ പ്രദർശനം എന്നിവ സമ്മേളനത്തിന്റെ ഭാഗമാണ്.

വിശദവിവരങ്ങൾക്കും അപേക്ഷാഫോറത്തിനും എഴുതുക :
Rishi Valley Education Centre, KFI, Rishi Valley - 517 352
Madanapalle, Chittoor Dist, Andhra Pradesh
E-mail: gathering@rishivalley.org

നിങ്ങൾ നിർബന്ധിതരാകുന്നു. നിങ്ങൾ എന്തു ചെയ്യണമെന്നു പറയാനല്ല ഞാൻ മുതിരുന്നത്. നിങ്ങൾ ആദ്യം പ്രശ്നം എന്താണെന്ന് മനസ്സിലാക്കണം. അത് ശരിയാണെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? നിങ്ങൾ ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുടെയെങ്കിലും പിറകെ പോകണമെന്നല്ല ഇതിനർത്ഥം. എന്താണ് ഈ ബന്ധംകൊണ്ട് ഉദ്ദേശിക്കുന്നത്. തീർച്ചയായും സ്നേഹമെന്നത് മറ്റൊരാളുമായി ഹൃദയംകൊണ്ട് ഒത്തുചേരലാണ്. നിങ്ങൾ നിങ്ങളുടെ ഭാര്യയുമായി ശാരീരികമായല്ലാതെ നിങ്ങൾ ഭാര്യയെ മനസ്സിലാക്കിയിട്ടുണ്ടോ?; ഭാര്യ നിങ്ങളെ മനസ്സിലാക്കിയിട്ടുണ്ടോ?; നിങ്ങൾ രണ്ടുപേരും ഒറ്റപ്പെട്ടു കഴിയുകയല്ലേ? ഓരോ ആളും സ്വന്തം താത്പര്യങ്ങളും ആഗ്രഹങ്ങളും ആവശ്യങ്ങളും നേടാൻ ശ്രമിക്കുകയല്ലേ? ഓരോ ആളും മറ്റേയാളിൽ നിന്നു സംതൃപ്തിയും സാമ്പത്തികമോ മാനസികമോ ആയ സുരക്ഷിതത്വവും നേടാനല്ലേ കൊതിക്കുന്നത്. അത്തരം ബന്ധം ഒരു ബന്ധമേ അല്ല — മാനസ്സികവും ശാരീരികവും സാമ്പത്തികവുമായ ആവശ്യങ്ങളാൽ സ്വാപിക്കപ്പെടുന്ന തന്നിൽത്തന്നെ ഒതുങ്ങുന്ന ഒരു കൂട്ടുകെട്ടു മാത്രമാണ്. സ്വാഭാവികമായും സംഘർഷം, ദുരിതം, പഴിചാരൽ, നഷ്ടബോധം, അസൂയ ഇവയെല്ലാമായിരിക്കും അതിന്റെ ഫലം. അത്തരം ഒരു ബന്ധത്തിൽ നിന്നു ലക്ഷണം കെട്ട കുട്ടികളും വൃത്തികെട്ട സംസ്ക്കാരവുമല്ലാതെ മറ്റെന്തെങ്കിലും നേട്ടമുണ്ടാകുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

അതിനാൽ ഇതു മുഴുവൻ സമഗ്രമായി വീക്ഷിക്കുകയെന്നതാണ് പ്രധാനം — വൃത്തികെട്ട ഒന്നായിട്ടല്ലാതെ നമ്മുടെ മൂക്കിനുകീഴിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന ഒരു യഥാർത്ഥ്യമെന്ന നിലയിൽ അതു മനസ്സിലാക്കിക്കഴിഞ്ഞാൽ അതേക്കുറിച്ചു നിങ്ങൾ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്? നിങ്ങൾക്കതു കൈയൊഴിയാൻ പറ്റില്ല. പക്ഷേ നിങ്ങൾ അതു ഉള്ളപടി കാണുവാൻ ആഗ്രഹിക്കാത്തതുകൊണ്ട് ഒന്നുകിൽ നിങ്ങൾ മദ്യപാനിയാകും; അല്ലെങ്കിൽ രാഷ്ട്രീയത്തിൽ ചെന്നുചാടും; അല്ലെങ്കിൽ അടുത്തുള്ള മറ്റൊരു സ്ത്രീയെ സമീപിക്കും. സ്വന്തം വീട്ടിൽ നിന്ന് — എപ്പോഴും കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഭാര്യയിൽ നിന്ന് അല്ലെങ്കിൽ ഭർത്താവിൽ നിന്ന് — രക്ഷപ്പെടാൻ സഹായിക്കുന്ന എന്തും നിങ്ങൾ ചെയ്യും. അതോടെ പ്രശ്നം പരിഹൃതമായെന്നാണ് നിങ്ങൾ കരുതുക. ഇതാണ് നിങ്ങളുടെ ജീവിതം, അല്ലേ? അതേക്കുറിച്ച് നിങ്ങൾ എന്തെങ്കിലും ചെയ്തേ മതിയാകൂ; എന്നു വെച്ചാൽ നിങ്ങൾ അതിനെ നേരിടണം. അതായത് അത്യാവശ്യമെന്നുകണ്ടാൽ ബന്ധം വേർപ്പെടുത്തണം. അച്ഛനും അമ്മയും നിരന്തരം കുറ്റപ്പെടുത്തുകയും വഴക്കിടുകയും ചെയ്യുമ്പോൾ അതു കുട്ടികളെ ബാധിക്കില്ലെന്നാണോ നിങ്ങൾ കരുതുന്നത്?

ഒരു ആചാരമെന്ന നിലയിൽ, പതിവുള്ള നിലയിൽ സന്തോഷം നേടാനുള്ള ഒരു ഉപാധിയെന്ന നിലയിൽ വിവാഹം വഷളായി കൊണ്ടിരിക്കുന്ന ഒരു വ്യവസ്ഥയാണ്. കാരണം, ആചാരങ്ങളിൽ സ്നേഹത്തിനു സ്ഥാനമില്ല. സ്നേഹം ആചാരപരമല്ല. സൃഷ്ടിപരമായ, സന്തോഷകരമായ ആതനത്വമുള്ള ഒന്നാണ് സ്നേഹം. ആചാരം സ്നേഹത്തിനു വിരുദ്ധമാണ്; പക്ഷേ നിങ്ങൾ ആചാരപ്പടിയുള്ള ബന്ധത്തിൽ കുടുങ്ങിക്കിടക്കുകയാണ്. സ്വാഭാവികമായും മറ്റൊരാളുമായി നിങ്ങൾക്കുള്ള ആചാരപ്പടിയുള്ള ബന്ധം മൃതപ്പെട്ടിരിക്കുന്നു. നാം അടിസ്ഥാനപരമായ പ്രശ്നത്തിലേയ്ക്കു മടങ്ങിവരുന്നു. സമൂഹത്തിലെ പരിവർത്തനം നിങ്ങളെയാണ്, നിയമനിർമ്മാണത്തെയല്ല ആശ്രയിക്കുന്നത്. നിയമങ്ങൾക്ക് കൂടുതൽ ആചാരവിധേയത്വം സൃഷ്ടിക്കാനേ കഴിയൂ. അതിനാൽ പരസ്പര ബന്ധങ്ങളിൽ ഉത്തരവാദിത്വമുള്ള ഒരു വ്യക്തിയെന്ന നിലയിൽ നിങ്ങൾ എന്തെങ്കിലും ചെയ്തേ മതിയാകൂ. നിങ്ങൾ പ്രവർത്തിക്കണം. പക്ഷേ മനസ്സിലും ഹൃദയത്തിലും ഉണർവുണ്ടായാലേ നിങ്ങൾക്ക് പ്രവർത്തിക്കാൻ സാധിക്കൂ. ഞാൻ പറയുന്നതിനോടു യോജിക്കുന്നു എന്നു സൂചിപ്പിച്ചുകൊണ്ട് നിങ്ങളിൽ ചിലർ തലയാട്ടുന്നതു ഞാൻ കാണുന്നുണ്ട്. പക്ഷേ പരിവർത്തനത്തിന്റെ, മാറ്റത്തിന്റെ ചുമതല ഏറ്റെടുക്കാൻ നിങ്ങൾ തയ്യാറല്ല എന്നതാണ് വാസ്തവം. ശരിയായ വിധത്തിൽ ജീവിക്കുന്നതെങ്ങനെയെന്ന് കണ്ടെത്തുന്നതിലെ ക്ഷോഭം നേരിടാൻ നിങ്ങൾ തയ്യാറല്ല. അതിനാൽ ഈ സ്ഥിതിവിശേഷം തുടർന്നു പോകുന്നു. നിങ്ങൾ വഴക്കിടുന്നു. ജീവിതം തള്ളിനീക്കുന്നു. ഒടുവിൽ നിങ്ങൾ മരിക്കുന്നു. നിങ്ങൾ മരിക്കുമ്പോൾ ആരെങ്കിലും കരയും. മരിച്ചയാൾക്കു വേണ്ടിയായിരിക്കില്ല, പക്ഷേ തനിക്കു അനുഭവപ്പെടാൻ പോകുന്ന ഏകാന്തതയെച്ചൊല്ലിയായിരിക്കും അത്. മാറ്റമൊന്നും ഇല്ലാതെ ജീവിതം തുടരുന്നു. നിയമനിർമ്മാണം നടത്താനും ഉന്നത പദവികൾ അലങ്കരിക്കാനും ദൈവത്തെക്കുറിച്ചു ചർച്ച ചെയ്യാനും യുദ്ധം ഇല്ലാതാക്കാനുള്ള വഴി കണ്ടെത്താനും മറ്റും കഴിവുള്ള വരാണ് നിങ്ങളെന്ന് നിങ്ങൾ കരുതുന്നു. ഇവയ്ക്കൊന്നും ഒരർത്ഥവുമില്ല. കാരണം, അടിസ്ഥാനപരമായ പ്രശ്നങ്ങൾ നിങ്ങൾ പരിഹരിച്ചിട്ടില്ല.

ഈ പ്രശ്നത്തിന്റെ മറ്റൊരു വശം ലൈംഗികതയാണ്. എന്തുകൊണ്ടാണ് ലൈംഗികതയ്ക്ക് ഇത്രയ്ക്ക് പ്രാധാന്യം ലഭിച്ചത്. ഈ വികാരം എന്തുകൊണ്ടാണ് നിങ്ങളെ ഈ വിധത്തിൽ കീഴടക്കുന്നത്. ഇക്കാര്യം എപ്പോഴെങ്കിലും നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? അതിൽ മുഴുകിയതുകൊണ്ട് അതേക്കുറിച്ചു നിങ്ങൾ ചിന്തിച്ചിട്ടില്ല. ഈ പ്രശ്നംഎങ്ങനെ ഉണ്ടായി എന്നു നിങ്ങൾ അന്വേഷിച്ചിട്ടില്ല. മാന്യരേ, എന്താണ് ഈ പ്രശ്നത്തിനു കാരണം? അതിനെ പാടെ അടിച്ചമർത്തുക എന്ന മാർഗ്ഗത്തിലൂടെ ഈ പ്രശ്നത്തിനെ നേരിടുമ്പോൾ എന്താണ് സംഭവിക്കുന്നത്. ബ്രഹ്മചര്യം എന്നും മറ്റുമുള്ള ആദർശങ്ങളെക്കുറിച്ചു നിങ്ങൾക്കറിയാമല്ലോ? എന്താണ് സംഭവിക്കുന്നത്. അത് അപ്പോഴും അവിടെയുണ്ട്. സ്ത്രീയെപ്പറ്റി സംസാരിക്കുന്നത് നിങ്ങൾ വെറുക്കുന്നു. നിങ്ങളിലെ ലൈംഗീകത്വര പൂർണ്ണമായും അടക്കി വയ്ക്കാനും അങ്ങനെ നിങ്ങളുടെ പ്രശ്നം പരിഹരിക്കാനും കഴിയുമെന്നും നിങ്ങൾ കരുതുന്നു. പക്ഷേ അതു നിങ്ങളെ വിട്ടൊഴിയില്ല. നിങ്ങൾ താമസിക്കുന്ന വീട്ടിൽ വൃത്തികെട്ട സാധനങ്ങളെല്ലാം ഒരു മുറിയിൽ കൂട്ടിയിടുന്നതുപോലെയാണത്. അവയുടെ സാന്നിദ്ധ്യം എപ്പോഴും അവിടെയുണ്ടാവും. സംയമനം ഈ പ്രശ്നത്തെ പരിഹരിക്കാൻ പോകുന്നില്ല. സംയമനമെന്നതു ഉദാത്തീകരണമാണ്. അമർത്തി നിർത്തലാണ് പകരം വെയ്ക്കലാണ്. അതു നിങ്ങൾ പരീക്ഷിച്ചു നോക്കിയിട്ടുള്ളതാണ്. അതല്ല പരിഹാരമാർഗ്ഗം. പിന്നെ എന്താണ് പോംവഴി? പ്രശ്നം ശരിക്കു മനസ്സി

ലാക്കുക എന്നതാണ് പരിഹാരം. മനസ്സിലാക്കുകയെന്നാൽ ആക്ഷേപിക്കലോ ന്യായീകരിക്കലോ അല്ല. ആ നിലക്കു നമുക്ക് അതിനെ സമീപിക്കാം.

നിങ്ങളുടെ ജീവിതത്തിൽ എന്തുകൊണ്ടാണ് ലൈംഗീകത ഇത്രയ്ക്കു പ്രാധാന്യമുള്ള ഒരു പ്രശ്നമായത്. ലൈംഗീകക്രിയ, ലൈംഗീകവികാരം ആത്മവിസ്മൃതിക്കുള്ള മാർഗ്ഗങ്ങളിലൊന്നല്ലേ? ഞാൻ എന്താണ് ഉദ്ദേശിക്കുന്നതെന്ന് നിങ്ങൾക്ക് മനസ്സിലായോ? ആ ക്രിയയിൽ തികഞ്ഞ ഇണചേരലുണ്ട്. ആ നിമിഷത്തിൽ എല്ലാ സംഘർഷങ്ങളും ഇല്ലാതാകുന്നു. വ്യതിരിക്തമായ ഒരു ആസ്തിത്വത്തിന്റെ ആവശ്യകത തോന്നാത്തതുകൊണ്ട് നിങ്ങൾക്കു അങ്ങേയറ്റത്തെ സന്തുഷ്ടി അനുഭവപ്പെടുന്നു. അതായത്, ഒരു നിമിഷത്തേക്കു ആത്മബോധം ഇല്ലാതാകുന്നു. ആത്മവിസ്മൃതിയുടെ വിശുദ്ധിയും ആത്മത്യാഗത്തിന്റെ സന്തോഷവും നിങ്ങൾക്കു കൈവരുന്നു. അതിനാൽ ലൈംഗീകത നിങ്ങൾക്ക് വളരെ പ്രധാനപ്പെട്ട ഒന്നായിത്തീരുന്നു. മറ്റെല്ലാ മണ്ഡലങ്ങളിലും നിങ്ങൾ സംഘർഷം നിറഞ്ഞ, ആർത്തി പെരുത്ത. മോഹഭംഗങ്ങൾ നേരിടുന്ന ഒരു ജീവിതമാണ് നയിക്കുന്നത്. മാന്യരേ നിങ്ങൾ സ്വന്തം ജീവിതത്തിലേക്കു നോക്കു. അതു രാഷ്ട്രീയമോ, സാമൂഹ്യമോ, മതപരമോ ആകട്ടെ നിങ്ങൾ നേട്ടങ്ങൾ ഉണ്ടാക്കാനാണ് ശ്രമിക്കുന്നത്. രാഷ്ട്രീയ രംഗത്ത് അധികാരവും അന്തസ്സുമുള്ള സ്ഥാനം നേടാൻ നിങ്ങൾ ആഗ്രഹിക്കുന്നു. മറ്റുള്ളവരെ നിങ്ങൾ നോക്കേണ്ട, മന്ത്രിമാരെ നോക്കേണ്ട, അത്തരം സൗകര്യങ്ങളെല്ലാം തന്നാൽ നിങ്ങളും അങ്ങനെതന്നെയായിരിക്കും പ്രവർത്തിക്കുക. രാഷ്ട്രീയരംഗത്തു എണ്ണപ്പെടുന്ന വ്യക്തിയായിത്തീരാൻ നിങ്ങൾ പ്രയത്നിക്കുന്നു. നിങ്ങൾ സ്വയം വലുതാകാൻ ശ്രമിക്കുന്നു അല്ലേ? അങ്ങനെ നിങ്ങൾ സംഘർഷത്തിന് കളമൊരുക്കുന്നു. അവിടെ വേണ്ടെന്ന് വെയ്ക്കലോ 'എന്നെ' നിരസിക്കലോ ഇല്ല. മറിച്ചു 'എനിക്കാ' ണു ഊന്നൽ. സ്വത്തിന്റെ കാര്യത്തിലും മതത്തിന്റെ കാര്യത്തിലും മറ്റും ഇതുതന്നെയാണ് സംഭവിക്കുന്നത്. നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾക്കും മതാനുഷ്ടാനങ്ങൾക്കും ഒർത്ഥവുമില്ല. നിങ്ങൾ വിശ്വസിക്കുന്നു, വാക്കുകളിലും പേരുകളിലും കടിച്ചു തൂങ്ങുന്നു. സൂക്ഷിച്ചു നോക്കിയാൽ അവിടേയും ഞാനാണ് കേന്ദ്രമെന്ന വിചാരത്തിൽ നിന്നു മോചനം കിട്ടുന്നില്ലെന്നു കാണാൻ കഴിയും. 'നിങ്ങളെ വിസ്മരിക്കൂ' എന്നു നിങ്ങളുടെ മതം പറയുമ്പോഴും അതിനു വേണ്ടി നിങ്ങൾ നടത്തുന്ന അനുഷ്ഠാനങ്ങൾ നിങ്ങൾക്കു മുഖ്യത്വം നൽകുന്നു, അപ്പോഴും നിങ്ങളാണ് പ്രധാന കേന്ദ്രം. നിങ്ങൾ ഗീതയോ, ബൈബിളോ, വായിക്കുന്നുണ്ടാകാം, പക്ഷേ നിങ്ങൾ അപ്പോഴും പുരോഹിതൻ തന്നെ. ജനങ്ങളെ പിഴിഞ്ഞൂറ്റുകയും ദേവാലയങ്ങൾ നിർമ്മിക്കുകയും ചെയ്യുന്ന ചൂഷകൻ തന്നെ.

എല്ലാ രംഗങ്ങളിലും എല്ലാ പ്രവർത്തനങ്ങളിലും നിങ്ങൾ നിങ്ങളിൽ തന്നെ താൽപര്യം പുലർത്തുകയും നിങ്ങളുടെ പ്രാമാണ്യത്തിന്, നിങ്ങളുടെ അന്തസ്സിന്, നിങ്ങളുടെ രക്ഷയ്ക്ക് പ്രാധാന്യം നൽകുകയും ചെയ്യുന്നു.. നിങ്ങൾ സ്വയം മറക്കുന്ന ഒരു രംഗമേയുള്ളു — അതു ലൈംഗീകതയുടേതാണ്. അതുകൊണ്ടാണ് നിങ്ങൾ സ്ത്രീയെ അല്ലെങ്കിൽ പുരുഷനെ സർവ്വപ്രധാനമായി കരുതുകയും സ്വന്തമാക്കാൻ നിർബന്ധം പിടിക്കുകയും ചെയ്യുന്നത്. അതിനുവേണ്ടി നിങ്ങൾ ഈ ഉടമസ്ഥാവകാശം സ്ഥാപിക്കുകയും ഉറപ്പു നൽകുകയും ചെയ്യുന്ന ഒരു സാമൂഹ്യ വ്യവസ്ഥയ്ക്കു രൂപം നൽകുന്നു. സ്വാഭാവികമമായും ലൈംഗീകതയ്ക്കു സർവ്വപ്രാധാന്യം കൈവരുന്നു. മറ്റെല്ലാ രംഗങ്ങളിലും വ്യക്തിബോധത്തിനാണ് പ്രാധാന്യം. മാന്യരേ അത്തരം ഒരു സാഹചര്യത്തിൽ ഒരാൾക്കു വൈരുദ്ധ്യങ്ങൾ ഇല്ലാതെ, ദുരിതങ്ങൾ ഇല്ലാതെ, മോഹഭംഗങ്ങൾ ഇല്ലാതെ ജീവിക്കുവാൻ കഴിയുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? പക്ഷേ മതകാര്യങ്ങളിലായാലും സാമൂഹിക കാര്യങ്ങളിലായാലും സത്യസന്ധമായ, ആത്മാർത്ഥമായ നിസ്വാർത്ഥതയുണ്ടെങ്കിൽ ലൈംഗീകതയ്ക്കു അർത്ഥമേ ഉണ്ടാവില്ല. രാഷ്ട്രീയരംഗത്തോ, മതരംഗത്തോ, സാമൂഹ്യരംഗത്തോ നിങ്ങൾ ഒന്നുമല്ലാതായിപ്പോകുമെന്ന് ഭയപ്പെടുന്നതു കൊണ്ടാണ് ലൈംഗീകത പ്രശ്നമായിത്തീരുന്നത്. പക്ഷേ ഈ രംഗങ്ങളിലെല്ലാം നിങ്ങൾ സ്വയം ചെറുതാകാൻ സന്നദ്ധനായാൽ ലൈംഗീകത ഒരു പ്രശ്നമേ അല്ലെന്നു കാണാൻ കഴിയും.

സ്നേഹമുള്ളപ്പോഴേ ചാരിത്രശുദ്ധി ഉണ്ടാകൂ. സ്നേഹമുള്ളപ്പോൾ ലൈംഗീകത എന്ന പ്രശ്നം ഇല്ലാതാകുന്നു. സ്നേഹമില്ലാതെ ബ്രഹ്മചര്യം എന്ന ആദർശം പിന്തുടരാൻ ശ്രമിക്കുന്നതു അസംബന്ധമാണ്. കാരണം, ആദർശം യാഥാർത്ഥമല്ല. നിങ്ങൾ എന്താണോ അതാണ് യാഥാർത്ഥ്യം. നിങ്ങൾക്കു നിങ്ങളുടെ മനസ്സിനെക്കുറിച്ചു, മനസ്സിന്റെ പ്രവർത്തനത്തെക്കുറിച്ചു അറിയാൻ സാധിക്കുന്നില്ലെങ്കിൽ നിങ്ങൾക്കു ലൈംഗീകതയും മനസ്സിലാവില്ല. കാരണം, ലൈംഗീകത മനസ്സിന്റെ കാര്യമാണ്. ലളിതമായ ഒന്നല്ല ഈ പ്രശ്നം. ശീലങ്ങൾ വളർത്തുന്ന അനുഷ്ഠാനങ്ങളല്ല ഇവിടെ ആവശ്യം. മറിച്ചു മനുഷ്യരോടും സമ്പത്തിനോടും ആശയങ്ങളോടും മറ്റും നിങ്ങൾക്കുള്ള ബന്ധത്തെക്കുറിച്ചുള്ള ഗാഢമായ ചിന്തയും അന്വേഷണവും ആണ്. മാന്യരേ, നിങ്ങൾ നിങ്ങളുടെ ഹൃദയത്തേയും മനസ്സിനേയും കഠിനമായ പരിശോധനയ്ക്കു വിധേയമാക്കുകയും അതുവഴി നിങ്ങളിൽത്തന്നെ ഒരു പരിവർത്തനം വരുത്തുകയും വേണമെന്നാണ് അതിനർത്ഥം. സ്നേഹം പരിശുദ്ധിയാണ്. മനസ്സു സൃഷ്ടിച്ച ചാരിത്ര്യമെന്ന വെറും ആശയത്തിനുപകരം സ്നേഹം ഉളവാകുമ്പോൾ ലൈംഗീകത ഒരു പ്രശ്നമല്ലാതായിത്തീരുകയും തികച്ചും വ്യത്യസ്തമായ അർത്ഥം കൈവരിക്കുകയും ചെയ്യും. ■

*'കൃഷ്ണമൂർത്തിയുടെ കൃതികൾ'*
*ഭാഗം അഞ്ച്, ന്യൂഡെൽഹി, 19 ഡിസംബർ 1948.*

# 'തൊഴിൽ' എന്ന വാക്കിന്റെ ശരിയായ അർത്ഥം

നിങ്ങൾ നിങ്ങളുടെ ശരിയായ തൊഴിൽ (vocation) കണ്ടെത്തേണ്ടതു വളരെ പ്രധാനമാണ്. 'തൊഴിൽ' എന്നതിന്റെ അർത്ഥം നിങ്ങൾക്കറിയാമോ? നിങ്ങൾ ചെയ്യാനിഷ്ടപ്പെടുന്ന സഹജമായ എന്തെങ്കിലും പ്രവർത്തി എന്നാണ് അതിന്റെഅർത്ഥം. തീർച്ചയായും വിദ്യാഭ്യാസത്തിന്റെ ധർമ്മം അതാണ്. പരാശ്രയം കൂടാതെ വളരുവാൻ നിങ്ങളെ സഹായിക്കുക. അതിനാൽ അത്യാഗ്രഹത്തിൽനിന്ന് മോചനം ലഭിക്കുകയും നിങ്ങളുടെ ശരിയായ തൊഴിൽ കണ്ടെത്താൻ നിങ്ങൾക്കു കഴിയുകയും ചെയ്യുന്നു. അത്യാഗ്രഹിക്ക് തന്റെ ശരിയായ തൊഴിൽ കണ്ടെത്താൻ ഒരിക്കലും സാധിക്കില്ല. കണ്ടെത്തിയിരുന്നുവെങ്കിൽ, അയാൾ അത്യാഗ്രഹിയാകുമായിരുന്നില്ല.

അതുകൊണ്ട്, ബുദ്ധിമാനും നിർഭയനുമാകാൻ നിങ്ങളെ സഹായിക്കേണ്ടതു അധ്യാപകരുടേയും പ്രിൻസിപ്പാളിന്റേയും ഉത്തരവാദിത്വമാണ്. അതിന്റെ ഫലമായി നിങ്ങളുടെ ശരിയായ തൊഴിൽ, നിങ്ങളുടെ സ്വന്തം ജീവിതരീതി, ജീവിക്കാനും ഉപജീവനം നേടാനും നിങ്ങൾ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്ന മാർഗ്ഗം കണ്ടെത്താൻ നിങ്ങൾക്കു സാധിക്കുന്നു. ഇതൊരു ചിന്താ വിപ്ലവത്തെ സൂചിപ്പിക്കുന്നു. കാരണം, ഇന്നത്തെ നമ്മുടെ സമൂഹത്തിൽ, പ്രസംഗിക്കാൻ കഴിയുന്ന മനുഷ്യൻ, എഴുതാൻ കഴിയുന്ന മനുഷ്യൻ, ഭരിക്കാൻ കഴിയുന്ന മനുഷ്യൻ, വലിയൊരു കാറുള്ള മനുഷ്യൻ അത്ഭുതകരമായ ഒരു നിലയിലാണെന്നു കരുതപ്പെടുന്നു. തോട്ടത്തിൽ കൊത്തുന്നവനും, പാചകം ചെയ്യുന്നവനും ഒരു വീടുപണിയുന്നവനും അവജ്ഞയോടെ കാണപ്പെടുന്നു.

ഒരു കല്പണിക്കാരനേയോ, നിരത്തു നന്നാക്കുന്നവനേയോ, ഒരു ടാക്സി ഓടിക്കുന്നവനേയോ വീക്ഷിക്കുമ്പോൾ നിങ്ങളിലുണ്ടാകുന്ന വികാരങ്ങളെപ്പറ്റി നിങ്ങൾ ബോധവാനാണോ? എത്രമാത്രം പുച്ഛത്തോടെയാണ് അയാളെ വീക്ഷിക്കുന്നതെന്ന് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? നിങ്ങളെ സംബന്ധിച്ചിടത്തോളം അയാളുടെ ആസ്തിത്വം തന്നെ സംശയത്തിലാണ്. നിങ്ങൾ അയാളെ പാടെ അവഗണിക്കുന്നു. എന്നാൽ ഒരാൾക്കു ഏതെങ്കിലും തരത്തിലുള്ള ഒരു ബഹുമതിയുണ്ടെങ്കിൽ, അല്ലെങ്കിൽ അയാളൊരു ബാങ്കറോ, ഒരു വ്യാപാരിയോ ഒരു ഗുരുവോ, ഒരു മന്ത്രിയോ ആണെങ്കിൽ അയാളെ നിങ്ങൾ ഒട്ടും മടി കൂടാതെ ബഹുമാനിക്കുന്നു. എന്നാൽ നിങ്ങളുടെ ശരിയായ തൊഴിൽ കണ്ടെത്തുകയാണെങ്കിൽ ഈ കെട്ടുനാറിയ വ്യവസ്ഥ പൂർണ്ണമായും തകർക്കാൻ നിങ്ങൾ സഹായിക്കും. കാരണം അപ്പോൾ തോട്ടക്കാരനോ, ചിത്രകാരനോ, ഒരെഞ്ചിനീയറോ ആയാലും നിങ്ങളുടെ സമഗ്രമായ അസ്തിത്വത്തോടെ നിങ്ങൾ സ്നേഹിക്കുന്ന വല്ലതുമായിരിക്കും നിങ്ങൾ ചെയ്യുക. അതു അത്യാഗ്രഹമല്ല. അതിശയകരമാംവണ്ണം നന്നായി എന്തെങ്കിലും ചെയ്യുക, നിങ്ങൾ അഗാധമായി ചിന്തിക്കുകയും വികാരം കൊള്ളുകയും ചെയ്യുന്നതിനനുസരിച്ചു, പൂർണ്ണമായും ശരിയായും അതു ചെയ്യുക — അതു അത്യാഗ്രഹമല്ല, അതിൽ ഭയമില്ല.

നിങ്ങളുടെ യാഥാർത്ഥ തൊഴിൽ കണ്ടുപിടിക്കുന്നതിനു നിങ്ങളെ സഹായിക്കാൻ വളരെ ബുദ്ധിമുട്ടുണ്ട്. കാരണം അതിനർത്ഥം, ഓരോ വിദ്യാർത്ഥിയും എന്തിനു കഴിവുള്ളവനാണെന്ന് കണ്ടെത്താൻ അദ്ധ്യാപകൻ അവനിൽ വളരെയേറെ ശ്രദ്ധ പതിപ്പിക്കണമെന്നാണ്. ഭയപ്പെടാതിരിക്കാൻ എന്നാൽ ചോദ്യംചെയ്യാനും സൂക്ഷ്മമായി അന്വേഷിക്കാനും അധ്യാപകൻ വിദ്യാർത്ഥിയെ സഹായിക്കണം. ഒരെഴുത്തുകാരനോ, ഒരു കവിയോ, ഒരു ചിത്രകാരനോ ആയിത്തിരാനുള്ള ആന്തരിക ശക്തി നിങ്ങൾക്കുണ്ടായിരിക്കണം. അതെന്തുമാകട്ടെ, ആ പ്രവർത്തിയെ നിങ്ങൾ യഥാർത്ഥമായും സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ അത്യാഗ്രഹിയല്ല. കാരണം സ്നേഹത്തിൽ അത്യാഗ്രഹമില്ല. ■

*'ലൈഫ് എഹെഡ്'*
എന്ന പുസ്തകത്തിൽനിന്ന്

# ജീവിതം അർത്ഥശൂന്യമാണോ?

*ചോദ്യം: നാം ജീവിക്കുന്നു, പക്ഷേ, എന്തിനു വേണ്ടിയെന്ന് നാം അറിയുന്നില്ല. ഞങ്ങളിൽ അനേകം പേർക്കും ജീവിതം അർത്ഥശൂന്യമാണെന്നു തോന്നുന്നു. ജീവിക്കുന്നതിന്റെ അർത്ഥവും ഉദ്ദേശ്യവും എന്താണെന്ന് അങ്ങേക്ക് പറയാൻ കഴിയുമോ?*

*കൃഷ്ണമൂർത്തി:* നിങ്ങൾ എന്തുകൊണ്ടാണ് ഈ ചോദ്യം ഉന്നയിക്കുന്നത്? ജീവിതത്തിന്റെ അർത്ഥം, ജീവിതത്തിന്റെ ഉദ്ദേശം എന്താണെന്നു പറയാൻ നിങ്ങൾ എന്നോട് ആവശ്യപ്പെടുന്നതെന്തുകൊണ്ടാണ്? ജീവിതം കൊണ്ട് നാം അർത്ഥമാക്കുന്നതെന്താണ്? ജീവിതത്തിന് ഒരർത്ഥം, ഒരുദ്ദേശ്യമുണ്ടോ? ജീവിക്കുന്നതുതന്നെ അതിന്റെ അർത്ഥം, ഉദ്ദേശ്യമല്ലെ? നാം കൂടുതൽ ആഗ്രഹിക്കുന്നതെന്തുകൊണ്ടാണ്? കൂടുതലെന്തെങ്കിലും നാം ചെയ്യുന്നതിനുപരിയായി വല്ലതും നാം ആഗ്രഹിക്കത്തക്കവിധം, അത്രമാത്രം ജീവിതം നമ്മേ അസംതൃപ്തരാക്കുന്നു; ഒരേ കാര്യം വീണ്ടും വീണ്ടും ചെയ്യുന്നതിനാൽ, നമ്മുടെ ജീവിതം അത്രമാത്രം ശൂന്യവും പുറംപകിട്ടു മാത്രമുള്ളതും ഏകരീതിയിലുള്ളതുമാണ്. നമ്മുടെ ദൈനംദിന ജീവിതം വളരെ ശൂന്യവും അലസവും അർത്ഥമില്ലാത്തതും വിരസവും അസഹ്യമാംവിധം മൂഢവുമായതിനാൽ, കൂടുതൽ പൂർണ്ണമായ ഒരർത്ഥതലം ജീവിതത്തിനുണ്ടാകണമെന്ന് നാം പറയുന്നു. അതുകൊണ്ടാണ് നിങ്ങൾ ഈ ചോദ്യം ഉന്നയിക്കുന്നത്.

സമ്പന്നനായി ജീവിക്കുന്നൊരു മനുഷ്യൻ, കാര്യങ്ങൾ ഉള്ളതുപോലെ കാണുകയും തനിക്കുള്ളതുകൊണ്ടു മാത്രം തൃപ്തിപ്പെടുകയും ചെയ്യുന്നൊരു മനുഷ്യൻ തീർച്ചയായും സംഭ്രാന്തനാകയില്ല; അയാൾ പ്രസ്പഷ്ടനാണ്. അതിനാൽ ജീവിതോദ്ദേശ്യം എന്താണെന്ന് അയാൾ ചോദിക്കയില്ല. അയാൾ ജീവിക്കുന്നതുതന്നെ തുടക്കവും ഒടുക്കവുമാണ്. നമ്മുടെ ജീവിതം പൊള്ളയായതുകൊണ്ട് ജീവിതത്തിനൊരു ഉദ്ദേശ്യം കണ്ടെത്താനും അതിനുവേണ്ടി പോരാടാനും നാം ആഗ്രഹിക്കുന്നുവെന്നതാണ് നമ്മുടെ വിഷമം. അത്തരമൊരു ജീവിതോദ്ദേശ്യം അയഥാർഥമായ ധൈഷണികബോധനം മാത്രമാണ്. മൂഢവും അലസവുമായൊരു മനസ്സ് ഒരു ശൂന്യഹൃദയം ജീവിതോദ്ദേശ്യത്തെ പിൻതുടരുമ്പോൾ, ആ ഉദ്ദേശ്യവും ശൂന്യമായിരിക്കും. അതിനാൽ നമ്മുടെ പ്രശ്നം ജീവിതത്തെ എങ്ങനെ സമ്പന്നമാക്കാം എന്നതാണ്. പണം കൊണ്ടോ, തത്തുല്യമായ മറ്റു വസ്തുക്കളെക്കൊണ്ടോ അല്ല, എന്നാൽ ആന്തരികസമ്പത്തുകൊണ്ട്, ഇത് ഗൂഢമായ എന്തെങ്കിലുമല്ല. ജീവിതോദ്ദേശ്യം ആനന്ദം തേടുകയാണെന്ന്, ദൈവത്തെ കണ്ടെത്തുകയാണെന്ന് നിങ്ങൾ പറയുമ്പോൾ, ദൈവത്തെ കണ്ടെത്താനുള്ള ആ ആഗ്രഹം തീർച്ചയായും ജീവിത്തിൽ നിന്നുള്ളൊരു പലായനമാണ്. നിങ്ങളുടെ ദൈവമോ അറിയപ്പെട്ട ഒന്നു മാത്രമാണ്. നിങ്ങൾ അറിയുന്നൊരു ലക്ഷ്യത്തിലെത്താനേ നിങ്ങൾക്കു കഴിയു. നിങ്ങൾ ദൈവമെന്ന് വിളിക്കുന്നതിലേക്ക് ഒരു കോണി പണിയുന്നുവെങ്കിൽ തീർച്ചയായും അത് ദൈവമല്ല. പലായനത്തിലൂടെയല്ല ജീവിക്കുന്നതിലൂടെ മാത്രമേ പരമാർത്ഥം മനസ്സിലാക്കപ്പെടാൻ കഴിയു. ഒരു ജീവിതോദ്ദേശ്യം തേടുമ്പോൾ, നിങ്ങൾ വാസ്തവത്തിൽ ഓടിപ്പോവുകയാണ്, ജീവിതമെന്താണെന്ന് മനസ്സിലാക്കുകയല്ല.

ജീവിതം ബന്ധമാണ്, ബന്ധത്തിൽ പ്രകടമാകുന്ന കർമ്മമാണ് ജീവിതബന്ധം. എനിക്ക് മനസ്സിലാകാതിരിക്കുമ്പോൾ, ഞാൻ കൂടുതൽ പൂർണ്ണമായൊരു അർത്ഥം തേടുന്നു. നമ്മുടെ ജീവിതം ഇത്ര ശൂന്യമായിരിക്കുന്നത് എന്തുകൊണ്ടാണ്? നാം ഇത്ര ഏകാന്തരും നിരാശരും ആയിരിക്കുന്നതെന്തുകൊണ്ടാണ്? കാരണം, നമ്മിലേക്കു തന്നെ നാം നോക്കിയിട്ടില്ല. നാം അറിയുന്നതെല്ലാം ഈ ജീവിതമാണെന്നും. അതിനാൽ അത് പൂർണ്ണമായും വിപുലമായും മനസ്സിലാക്കപ്പെടണമെന്നും നാം നമ്മോടുതന്നെ ഒരിക്കലും സമ്മതിക്കുന്നില്ല. നമ്മിൽനിന്നുതന്നെ ഓടിപ്പോകാനാണ് നാം ഇഷ്ടപ്പെടുന്നത്. അതുകൊണ്ടാണ് ബന്ധത്തിൽ നിന്ന് വേറിട്ടൊരു ജീവിതോദ്ദേശ്യം നാം തേടുന്നത്. എന്നാൽ കർമ്മത്തെ മനസ്സിലാക്കാൻ തുടങ്ങുമ്പോൾ, അത് ജനങ്ങളോട്, സ്വത്തിനോട്, വിശ്വാസങ്ങളോട്, ആശയങ്ങളോടുള്ള നമ്മുടെ ബന്ധമാണ് — ബന്ധംതന്നെ അതിന്റെ സ്വന്തം പ്രതിഫലം നല്കുന്നുവെന്ന് നമുക്ക് കാണാം. നിങ്ങൾ തേടിപ്പോകേണ്ടതില്ല. അത് സ്നേഹത്തെ തേടും പോലെയാണ്. സ്നേഹത്തെ തേടി, അത് കണ്ടെത്താൻ നിങ്ങൾക്കു കഴിയുമോ? സ്നേഹം വളർത്തിയെടുക്കാൻ കഴിയുകയില്ല. ബന്ധത്തിൽ മാത്രമേ, അതിനപ്പുറത്തല്ല, സ്നേഹം കണ്ടെത്തപ്പെടുകയുള്ളൂ. നമുക്ക് സ്നേഹമില്ലാത്തതു കൊണ്ടാണ് നാം ഒരു ജീവിതോദ്ദേശം തേടുന്നത്. സ്വന്തം നിത്യതയായ സ്നേഹമുള്ളപ്പോൾ ദൈവത്തിനു വേണ്ടിയുള്ള അന്വേഷണമില്ല; കാരണം, സനേഹമാണ് ദൈവം.

സാങ്കേതികകാര്യങ്ങളും അന്ധവിശ്വാസപരമായ പിറുപിറുക്കലുകളും കൊണ്ട് നമ്മുടെ മനസ്സുകൾ നിറയപ്പെട്ടതിനാലാണ്, നമ്മുടെ ജീവിതങ്ങൾ

☞ 6

# ശാശ്വതമായ ശാന്തി എങ്ങനെ നേടാം?

***ചോദ്യം:*** *ജീവിതത്തിന് ആസ്വാദനം നല്കുന്ന ഒരേ ഒരു വസ്തുത, ഗണനീയമായ എന്തെങ്കിലും ചെയ്യാനുള്ള ആഗ്രഹമാണ്. അത് തെറ്റായൊരു നടപടിയാണെന്ന് അങ്ങു പറയുന്നു. പ്രവർത്തിക്കാനുള്ള ഈ പ്രോത്സാഹനം നിഷേധിക്കപ്പെടുകയാണെങ്കിൽ, പിന്നെ ശേഷിക്കുന്നതെന്താണ്?*

കൃഷ്ണമൂർത്തി: സാർ, പ്രവർത്തിക്കാൻ ഒരു പ്രോത്സാഹനം വേണമെന്ന് നാം ആഗ്രഹിക്കുന്നതെന്തുകൊണ്ടാണ്? എന്തെങ്കിലും ചെയ്യാൻ ഒരു പ്രോത്സാഹനം ആവശ്യമാണെന്ന് നാം കരുതുന്നത് എന്തുകൊണ്ടാണ്? 'പ്രോത്സാഹനം' എന്നതുകൊണ്ട് നാം ഉദ്ദേശിക്കുന്നതെന്താണ്? നമ്മുടെ കർമ്മത്തിന് നമുക്കൊരു പാരിതോഷികം വേണം, അല്ലേ? പണം, വസ്തുനിഷ്ഠമായൊരു സമ്മാനം, നാം തേടുന്നില്ലായിരുക്കാം. എന്നാൽ നാം ചെയ്യുന്ന പ്രവർത്തിക്ക് മാനസികമായൊരു സമ്മാനം, മാനസികമായൊരു പ്രോത്സാഹനം നാം ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് നാമൊരു ഗുരുവിനെ സമീപിക്കുന്നത്. നമ്മേ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നത് പ്രോത്സാഹനമാണ്. അതില്ലാത്തപക്ഷം മാനസികമായി നാം ജീവിക്കുകയേ ഇല്ല. അതായത്, മാനസികമായി, ആന്തരികമായി നമുക്ക് സമ്മാനങ്ങൾ വേണം— നമ്മുടെ അന്വേഷണത്തിന്, നമ്മുടെ ചിന്തിക്കലിന്, നമ്മുടെ തൊട്ടുരിയലിന് വേണ്ടിയുള്ള സമ്മാനം. അതൊരു വസ്തുതയാണ് അല്ലേ? നാം ആഗ്രഹിക്കുന്ന സമ്മാനം എന്താണ്? അനിവാര്യമായും അത് സംതൃപ്തിയാണ്. മനഃസംബന്ധിയായ സംതൃപ്തി കണ്ടെത്തുന്ന കാലത്തോളം, നാം എന്തെങ്കിലും ചെയ്യും. അതുകൊണ്ട് നാം ആഗ്രഹിക്കുന്നത് നിരന്തരമായ സംതൃപ്തി, നിരന്തരമായ ചാരിതാർത്ഥ്യമാണ്; അത് ന്ഷേധിക്കപ്പെടുമ്പോൾ, നാം നിരാശരാകുന്നു.

അപ്പോൾ, സംതൃപ്തിയുണ്ടോ? ശാശ്വതമായൊരു സംതൃപ്തി എപ്പോഴെങ്കിലുമുണ്ടോ? അഥവാ സംഘട്ടനവും വേദനയും അനിവാര്യമായും സൃഷ്ടിക്കുന്ന താത്കാലിക സംതൃപ്തി മാത്രമാണോ ഉള്ളത്? അതിനാൽ ശാശ്വതമായൊരു സംതൃപ്തിയുണ്ടോ എന്ന് നമുക്ക് സ്വയം കണ്ടുപിടിക്കേണ്ടതുണ്ട്. പ്രത്യക്ഷമായും താത്കാലികമായും സംതൃപ്തികൾ നമുക്ക് ഉപേക്ഷിക്കാം. കാരണം, അവ നിർഭാഗ്യങ്ങളും ഇച്ഛാഭംഗങ്ങളും ഉത്കണ്ഠകളും ഭയവും മറ്റും ഉണ്ടാക്കുന്നുവെന്ന് നാം കാണുന്നു. എന്നാൽ, സത്യം ദൈവം എന്ന് നാം വിളിക്കുന്ന ശാശ്വതമായൊരു സംതൃപ്തി കണ്ടെത്താൻ നമുക്ക് സാധിക്കുമെന്ന് നാം വിചാരിക്കുകയും അതിനു വേണ്ടി പ്രവർത്തിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ ശാശ്വതമായൊരു സംതൃപ്തി എന്നൊന്നുണ്ടോ? അതായത് മാനസികമായ ശാശ്വത സുരക്ഷിതത്വമുണ്ടോ? ദൈവം, അനുസ്യൂതമായ മരണാനന്തരജീവിതം എന്നിങ്ങനെയുള്ള മാനസികമായ ശാശ്വത സുരക്ഷിതത്വം നിങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്. എന്നാൽ അത്തരമൊരു തികഞ്ഞ സംതൃപ്തി, സുരക്ഷിതത്വമുണ്ടോ? അഥവാ, ഭാവി അനിശ്ചിതമാകയാൽ, ഭാവിയിൽ എന്തു സംഭവിക്കുമെന്നറിയാതെ മനസ്സ് അതിന്റെ സ്വന്തം സൃഷ്ടിയെ ഒരു നിശ്ചയമെന്ന നിലയിൽ വിക്ഷേപിക്കുന്നതാണോ അത്? അതായത് മനസ്സ് അറിഞ്ഞതിൽ നിന്ന് അറിഞ്ഞതിലേക്കു നീങ്ങുന്നു. അറിയപ്പെടാത്തതിലേക്കു നീങ്ങാൻ അതിനു സാധിക്കയില്ല. അതിനാൽ തൊട്ട് അറിഞ്ഞതിന്റെ ഒരുറപ്പ് അതിനുവേണം; തൊട്ടുള്ള അറിഞ്ഞത് ചോദ്യം ചെയ്യപ്പെടുമ്പോൾ ഉത്കണ്ഠിതരായിത്തീരുന്നു.

അതുകൊണ്ട് ഭൗതിസുരക്ഷിതത്വം ആവശ്യമായിരിക്കെ, മാനസികമായ ശാശ്വതസുരക്ഷിതത്വം എന്നൊന്നില്ല. നിങ്ങളടെ സ്വയം പ്രക്ഷേപിത സുരക്ഷിതത്വമായ ആ സുരക്ഷിതത്വം നിങ്ങൾക്കുണ്ടാകുന്ന നിമിഷത്തിൽ നിങ്ങൾ അലസനും സംതൃപ്തനും സ്തംഭിച്ചവനുമായിത്തീരുന്നു. എന്നാൽ സുരക്ഷിതത്വമില്ലാതിരിക്കുമ്പോൾ, നിമിഷം തോറും ജീവിക്കുന്ന തും അതിനാൽ, അനിശ്ചിതാ വസ്ഥയിൽ ജീവിക്കുന്നതുമായൊരു മനസ്സ് നിങ്ങൾക്ക് ഉണ്ടായേ തീരു. അനിശ്ചിതമായ മനസ്സ്, അറിയാത്ത മനസ്സ്, സംതൃപ്തി തേടാത്ത മനസ്സ് സർഗ്ഗാത്മകമാണ്. മനസ്സ് പൂർണ്ണമായും മൗനമായിരിക്കുമ്പോൾ, അത് തേടി പ്പോകാതിരിക്കുമ്പോൾ, അത് ഒരു സമ്മാനം കാംക്ഷിക്കാതിരിക്കുമ്പോൾ മാത്രമേ, ആ സർഗ്ഗാത്മകാവസ്ഥ വന്നെത്തുകയുള്ളൂ. അപ്പോൾ ശാശ്വതമായ ശാന്തിയുണ്ടാകുന്നു. ആ അവസ്ഥയെ എങ്ങനെ പ്രാപിക്കാമെന്ന് നമുക്ക് നിശ്ചയമില്ലാത്തതിനാൽ നാം സംതൃപ്തിയെ തേടുകയും അതിനെ മുറുകെ പിടിക്കുകയും ചെയ്യുന്നു. ആ സംതൃപ്തി കർമ്മത്തിനുള്ള പ്രോത്സാഹനമായിത്തീരുന്നു. എന്നാൽ സംതൃപ്തി അതെത്രതന്നെ വിശുദ്ധമായാലും അന്തമില്ലാത്ത ഭയവും ഉത്കണ്ഠയും ശങ്കയും ഹിംസയും സൃഷ്ടിക്കുന്നു. എന്നാൽ മനസ്സ് അതിനെത്തന്നെ മനസ്സിലാക്കുകയും തദ്വാരാ, ശാന്തി നിറഞ്ഞ ആ അവസ്ഥ കണ്ടെത്തുകയുമാണെങ്കിൽ പിന്നെ സൃഷ്ടി സംഭവിക്കുന്നു. ആ സൃഷ്ടി തന്നെയാണ് എല്ലാ അസ്തിത്വത്തിന്റെയും ആകപ്പാടെയുള്ള ലക്ഷ്യം. ■

*'സ്വീയജ്ഞാനം'*
*എന്ന പുസ്തകത്തിൽനിന്ന്*

*...അഞ്ചാം പേജിൽ നിന്ന്*

ഇത്ര ശൂന്യമായിരിക്കുന്നത്. തന്നിമിത്തം നാം നമ്മിൽനിന്നുതന്നെ അതീതമായൊരു ഉദ്ദേശ്യം തേടുന്നു. ജീവിതോദ്ദേശ്യം കണ്ടെത്താൻ നാം നമ്മുടെ തന്നെ വാതിലിലൂടെ കടന്നുപോകണം. എന്നാൽ സുബോധമായോ, അബോധമായോ, കാര്യങ്ങളെ ഉള്ളതുപോലെ നേരിടാൻ നാം തയ്യാറല്ല. അതിനാൽ അപ്പുറത്തേക്കുള്ള വാതിൽ ദൈവത്താൽ തുറക്കപ്പെടാൻ നാം ആഗ്രഹിക്കുന്നു. സ്നേഹിക്കാത്ത ഒരാളെ ജീവിതോദ്ദേശ്യത്തെക്കുറിച്ചുള്ള ഈ ചോദ്യം ഉന്നയിക്കുകയുള്ളു. ബന്ധമാകുന്ന കർമ്മത്തിൽ മാത്രമേ സ്നേഹം കണ്ടെത്തപ്പെടുകയുള്ളു. ■

*Published in September, January and May*
*Registered with the Registrar of Newspapers for India under No. TNMAL/2005/17822*

Periodical

*In undelivered please return to :*
KRISHNAMURTI FOUNDATION INDIA
Vasanta Vihar, 124,126 (Old 64,65) Greenways Road
Chennai-600 028. Tel. : 24937803 / 596
E-mail : publications@kfionline.org.
Websites : www.kfionline.org / www.jkrishnamurti.org

*Published by G. Rajeev on behalf of the Krishnamurti Foundation India, Vasanta Vihar, 124, 126 (Old 64,65) Greenways Road, Chennai-600 028.*
*Printed by N. Subramanian at Sudarsan Graphics Offset Press, 27, Neelakanta Mehta Street, T.Nagar, Chennai-600 017. Editor : K. Krishnamurthy*